بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 04.04.2025

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## തിരുനബി ചരിത്രം: ഖൈബർ യുദ്ധം - 5

اَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ○ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ ○ اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ○ اَلرَّحْمٰنِ الرَّحِیْمِ ○ مٰلِکِ یَوْمِ الدِّیْنِ ○ اِیَّاکَ نَعْبُدُ وَاِیَّاکَ نَسْتَعِیْنُ ○ اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ○ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ ○

റമദാന് മുമ്പ് തിരുനബി ചരിത്രത്തിലെ യുദ്ധങ്ങളെ സംബന്ധിച്ചുള്ള വിവരണമാണ് നടന്നുകൊണ്ടിരുന്നത്. ഇതോടനുബന്ധിച്ച് ഖൈബർ യുദ്ധത്തിന്റെ സംഭവങ്ങളാണ് വിവരിച്ചിട്ടുണ്ടായിരുന്നത്. ഇന്നും ഇതിനെ സംബന്ധിച്ച് പറയുന്നതാണ്. ഖൈബർ വിജയത്തിന്റെ സന്തോഷത്തോടൊപ്പം തന്നെ ആ ദിവസങ്ങളിൽ തിരുനബി(സ)നു മറ്റൊരു സന്തോഷം കൂടി ഉണ്ടായിരുന്നു. അതേക്കുറിച്ച് നബി(സ) പറയുന്നു: എന്നെ സംബന്ധിച്ചിടത്തോളം ഖൈബറിന്റെ വിജയമാണോ കൂടുതൽ സന്തോഷപ്രദം അതല്ല ഇനി പറയുന്ന കാര്യമാണോ എന്ന് വർണ്ണിക്കാൻ കഴിയുന്നില്ല. അതായത് ഹദ്റത്ത് ജാഫർ ഹബ്ശയിലേക്ക് പോയ മുഹാജിരീംകളോടൊപ്പം അവിടെനിന്ന് തിരിച്ചുവരികയുണ്ടായി. ഹുദൈബിയ സന്ധിക്ക്ശേഷം തിരുനബി(സ) ഹബ്ശയിലെ നജ്ജാശിയുടെ അടുക്കലേക്ക് കത്തയച്ചു. അതിൽ ഇങ്ങനെ എഴുതി, ഇപ്പോൾ അവിടെ ഉള്ള മുസ്ലിം മുഹാജിരീങ്ങളെ മദീനയിൽ എന്റെ അടുത്തേക്ക് പറഞ്ഞയക്കുക. അങ്ങനെ അന്യദേശത്ത് 15 വർഷം കഴിച്ചുകൂട്ടിയതിനുശേഷം അവർ രണ്ട് കപ്പലുകളിൽ കയറി മദീനയിലേക്ക് എത്തി. തിരുനബി(സ) ഖൈബറിലേക്ക് പോയി എന്ന് അവർ അറിയാൻ ഇടയായപ്പോൾ തിരുനബി(സ)യെ എത്രയും വേഗം കണ്ടുമുട്ടാനുള്ള ആവേശം കാരണം മദീനയിൽ താമസിക്കുന്നതിനു പകരം അവർ ഖൈബറിലേക്ക് തിരിക്കുകയുണ്ടായി. അവരുടെ കൂട്ടത്തിൽ ഹദ്റത്ത് അബൂ മൂസാ അശ്അരിയും തന്റെ സമൂഹത്തിലെ അമ്പതിലധികം ആളുകളോടൊപ്പം എത്തിയിട്ടുണ്ടായിരുന്നു. ദോസ് ഗോത്രത്തിലെ കുറച്ച് ആളുകളും അവരോടൊപ്പം വന്നിട്ടുണ്ടായിരുന്നു. അവരിൽ അബൂഹുറൈറയും തുഫൈൽ ബിൻ അംറും അവരുടെ കൂട്ടുകാരും ഉണ്ടായിരുന്നു. അശ്ജഅ് ഗോത്രത്തിലെ ആളുകളും വന്നിരുന്നു. വന്ന എല്ലാവർക്കും ഖൈബറിലെ സ്വത്തുക്കളിൽനിന്ന് കുറച്ചൊക്കെ തിരുനബി(സ) നൽകുകയുണ്ടായി. ഹദ്റത്ത് ജാഫറും അദ്ദേഹത്തിന്റെ കൂടെയുള്ള മുസ്ലീങ്ങളും കപ്പൽ മുഖേന യാത്ര ചെയ്തു എത്തിയവരാണ്. അതുകൊണ്ട് അവരെ അസ്ഹാബുസ്സഫീന (കപ്പലുകാർ) എന്ന് പറയുന്നു. ഇവർ മദീനയിൽ എത്തിയപ്പോൾ 15 വർഷം കഴിഞ്ഞിട്ടുണ്ടായിരുന്നു. ഇവിടെയുള്ള മുഹാജിരീങ്ങളായ മുസ്ലീങ്ങൾ നിരവധി യുദ്ധങ്ങളിൽ പങ്കെടുത്തിട്ടുണ്ടായിരുന്നു. ഹിജ്റത്തിലും മുൻകടന്നവർ ആയിരുന്നു. അതുകൊണ്ട് അവർ പരസ്പരം ഉണ്ടായ സംസാരങ്ങളിൽ തങ്ങൾ ആണോ ശ്രേഷ്ഠതയുള്ളവർ എന്ന ചർച്ചയുണ്ടായിരുന്നു. ഒരിക്കൽ ഹദ്റത്ത് ജാഫറിന്റെ ഭാര്യ ഹദ്റത്ത് അസ്മാ ബിൻത്ത് ഉമൈസ്, ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഹഫ്സയെ കാണുന്നതിനുവേണ്ടി എത്തി. അവിടെ ഹദ്റത്ത് ഉമറും ഉണ്ടായിരുന്നു. അദ്ദേഹം ചോദിച്ചു; ഏതാണ് ഈ സ്ത്രീ? അത് അറിഞ്ഞപ്പോൾ ഹദ്റത്ത് ഉമർ പറഞ്ഞു: ഞങ്ങൾ മദീനയിലേക്കുള്ള ഹിജ്റത്തിൽ നിങ്ങളെക്കാളും മുൻകടന്നവരാണ്. അതുകൊണ്ട് ഞങ്ങൾ നിങ്ങളെക്കാളും തിരുനബി(സ)യുമായി അടുത്തവരുമാണ്. ഇത് കേട്ടപ്പോൾ (ഹദ്റത്ത് അസ്മ) വേദനയും ദേഷ്യവുമായി പറഞ്ഞു: അല്ലാഹുവാണെ, അങ്ങനെ ഒരിക്കലും സാധ്യമല്ല. നിങ്ങൾ തിരുനബി(സ)യുടെ കൂടെ കഴിയുകയായിരുന്നു. നിങ്ങളിലെ പട്ടിണിക്കാർക്ക് ആ മഹാത്മാവ് ഭക്ഷണം തന്നുകൊണ്ടിരുന്നു. നിങ്ങളിൽ അറിവില്ലാത്തവർക്ക് ഉപദേശം തന്നുകൊണ്ടിരുന്നു. അതേ സമയം ഞങ്ങൾ നാട്ടിൽനിന്നും ഒരുപാട് ദൂരെ ശത്രുരാജ്യത്തായിരുന്നു. ഞങ്ങൾക്ക് അവിടെ പല രീതിയിലുള്ള ഭയവും ബുദ്ധിമുട്ടും ഉണ്ടായിരുന്നു.

ഞങ്ങൾ ആ എല്ലാ ദു:ഖങ്ങളും അല്ലാഹുവിനും അവന്റെ റസൂലിനുംവേണ്ടിയാണ് സഹിച്ചിരുന്നത്. അല്ലാഹുവാണെ, ഇതിനെ സംബന്ധിച്ച് ചോദിക്കുന്നത്വരെ ഞാൻ ഭക്ഷണം കഴിക്കുന്നത് അല്ല. അങ്ങനെ അവർ തിരുനബി(സ)യുടെ സവിധത്തിൽ എത്തി എല്ലാ കാര്യങ്ങളും വിവരിച്ചു. അപ്പോൾ തിരുനബി(സ) പറഞ്ഞു: അവർക്ക് നിങ്ങളെക്കാളും അവകാശങ്ങൾ ഒന്നുമില്ല. മറിച്ച് അവരുടെയും അവരുടെ സുഹൃത്തുക്കൾക്കും ഒരു ഹിജ്റത്താണ് ഉള്ളത്. എന്നാൽ കപ്പൽ മുഖേന ഹബ്ശയിലേക്ക് യാത്ര ചെയ്ത നിങ്ങൾക്ക് രണ്ട് ഹിജ്റത്തുകൾ ആണുള്ളത്.

ഇവിടെ മുസ്‌ലിമായിരുന്ന യാസാർ എന്ന ഒരു ഹബ്ശി അടിമയുടെ ശഹാദത്തിനെ കുറിച്ചുള്ള പരാമർശവും കാണുന്നുണ്ട്. നിവേദനത്തിൽ പറയുന്നു: ഇദ്ദേഹം ഖൈബറിലെ ഒരു വ്യക്തിയുടെ ആടുകളെ മേച്ചിരുന്നു. അദ്ദേഹത്തിന്റെ മനസ്സിൽ തിരുനബി(സ)യെ കുറിച്ചുള്ള സ്മരണ ഇടം പിടിച്ചിരുന്നു. അദ്ദേഹം തന്റെ ആടുകളെയുമായി മേയ്ക്കാൻ പോയി. മുസ്‌ലീങ്ങൾ അദ്ദേഹത്തെ പിടികൂടുകയും നബി(സ)ന്റെ സവിധത്തിൽ എത്തിക്കുകയും ചെയ്തു. മറ്റൊരു നിവേദനത്തിൽ കുറച്ചുകൂടി വിശദീകരണമുണ്ട്. അതനുസരിച്ച് ഈ അടിമയായ സ്വയം ആടുകളുമായി തിരുനബി(സ)യുടെ അടുക്കലെത്തി. നബി(സ) അദ്ദേഹത്തോട് സംസാരിച്ചു തുടങ്ങി. അദ്ദേഹം നബി(സ)യോട് ചോദിച്ചു: ഞാൻ അല്ലാഹുവിൽ വിശ്വസിക്കുകയാണെങ്കിൽ എനിക്ക് എന്ത് കിട്ടും? നബി(സ) പറഞ്ഞു: നിങ്ങൾ ഇതിൽ വിശ്വസിക്കുകയാണെങ്കിൽ നിങ്ങൾക്ക് സ്വർഗം ലഭിക്കും. അങ്ങനെ ആ അടിമ വംശജൻ ഇസ്‌ലാം സ്വീകരിച്ചു. അദ്ദേഹം പറഞ്ഞു: യാ റസൂലല്ലാഹ്! ഞാൻ ശത്രുക്കളുമായി അടരാടി മരണപ്പെടുകയാണെങ്കിൽ ഞാൻ സ്വർഗത്തിൽ പോകുമോ? നബി(സ) പറഞ്ഞു; അതെ, തീർച്ചയായും നിങ്ങൾ സ്വർഗത്തിൽ പോകുന്നതാണ്. അദ്ദേഹം പറഞ്ഞു: യാ റസൂലല്ലാഹ്! ഈ ആടുകളെല്ലാം എന്റെ പക്കൽ സൂക്ഷിപ്പ് മുതലാണ്. അവയെ ഞാൻ എന്തുചെയ്യും? നബി(സ) പറഞ്ഞു: അവയെ സൈന്യത്തിൽനിന്ന് മാറ്റി നിർത്തുക. സ്വതന്ത്രമായ മൈതാനത്തിലേക്ക് അഴിച്ചു വിടുക. തീർച്ചയായും അല്ലാഹു നിന്റെ ഈ അമാനത്ത് നിന്റെ ഭാഗത്തുനിന്ന് കൊടുത്തു വീട്ടുന്നതാണ്. അതായത് അവരിലേക്ക് അത് എത്തുന്നതാണ്. ചില ആളുകൾ തിരുനബി(സ) സമരാർജിത സ്വത്തുക്കൾ നേടിയെടുക്കുന്നതിനു വേണ്ടിയായിരുന്നു യുദ്ധം ചെയ്തതെന്ന് ആക്ഷേപിക്കാറുണ്ട്. പ്രത്യേകിച്ചും ഖൈബറിനെ സംബന്ധിച്ച് യഹൂദികളുടെ സമ്പത്തുകളിൽ അധീശത്വം നേടുന്നതിനു വേണ്ടി അവർക്കുമേൽ അക്രമം ചെയ്തു എന്നും ആക്ഷേപിക്കുന്നുണ്ട്. ഇത് ശരിയായിരുന്നുവെങ്കിൽ ഖൈബറിൽ സ്വഹാബാക്കൾ വിശപ്പുകൊണ്ട് വലയുമ്പോൾ ഭക്ഷണത്തിന് ഒന്നും കിട്ടാതിരുന്ന സമയത്ത് യുദ്ധത്തിന്റെ നിർണായക ഘട്ടത്തിൽ ശത്രുക്കളുടെ ആട്ടിൻപറ്റത്തെ, സൗജന്യമായി കിട്ടിയ യുദ്ധമുതലായിരുന്നു. അതിനെ ഉപയോഗിക്കേണ്ടതായിരുന്നു. എന്നാൽ നബി(സ) യുദ്ധാവസരത്തിൽപോലും സൂക്ഷിപ്പ് മുതലിന്റെ കടമ യഥാവിധി പാലിക്കുകയുണ്ടായി. ആടുകളെ തിരിച്ചു കൊടുക്കാൻ കൽപ്പിച്ചു. പിന്നെ അദ്ദേഹം മുന്നോട്ടുവന്നു പോരാടി ഒടുവിൽ ശഹീദായി. വാസ്തവത്തിൽ അദ്ദേഹം ഒരു സുജൂദ് പോലും ചെയ്തിട്ടുണ്ടായിരുന്നില്ല.

ഖൈബർ വേളയിൽ ചില ഫിഖ്ഹ് സംബന്ധമായ കാര്യങ്ങളെക്കുറിച്ചും പരാമർശം ഉണ്ട്. ഹദ്റത്ത് അലിയുടെ നിവേദനം അനുസരിച്ച് ഖൈബർ ദിവസങ്ങളിൽ കഴുതയുടെ മാംസം വിലക്കുകയുണ്ടായി. ഫിദക്കുകാരുമായി ഉണ്ടാക്കിയ രഞ്ജിപ്പിനെ കുറിച്ചും അതിൽ വിവരണമുണ്ട്.

ഖൈബറിലെ സമരാർജിത സ്വത്ത് വിതരണവുമായി ബന്ധപ്പെട്ട് ഹദ്റത്ത് അബൂഹുറൈറ നിവേദനം ചെയ്യുന്നു: ഖൈബറിനെ മൊത്തം 36 ആയി വിഭജിച്ചു. അതിൽ പകുതി അതായത് 18 ഭാഗം മുസ്‌ലീങ്ങൾക്ക്‌വേണ്ടി മാറ്റിവെച്ചു. അതിൽ ഓരോന്നും 100 വീതം ഭാഗങ്ങൾ അടങ്ങിയതായിരുന്നു. ആകെ 1800 ഭാഗങ്ങൾ ഉണ്ടായിരുന്നു. അതിൽ മറ്റുള്ളവർക്ക് ഉണ്ടായിരുന്നതിന് തത്തുല്യമായ ഒരു പങ്ക് തിരുനബി(സ)ന്റേത് ആയിരുന്നു. ഭാവിയിൽ ഉണ്ടാകുന്ന അവസ്ഥകൾക്കും സാഹചര്യങ്ങൾക്കും മുസ്‌ലിങ്ങൾക്ക് ഇനി ഉണ്ടാകാൻ ഇടയുള്ള കാര്യങ്ങൾക്കുംവേണ്ടി നിജപ്പെടുത്തി ബാക്കി പകുതി മാറ്റിവെച്ചു. ഖൈബറിലെ കോട്ടകളിൽനിന്ന് സമരാർജിത സ്വത്തുക്കൾ സ്വരുക്കൂട്ടുമ്പോൾ അതിൽ തൗറാത്തിലെ ചില ഏടുകളും കിട്ടിയിരുന്നു. യഹൂദികൾ അത് തിരിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടപ്പോൾ നബി(സ) സുരക്ഷിതമായി എല്ലാ ഏടുകളും അവർക്ക് തിരിച്ചു കൊടുക്കാൻ കൽപ്പന നൽകി. നബി(സ)യുടെ മതപരമായ വിശാലമനസ്കതയും വികാരങ്ങളെ പരിഗണിക്കുന്നതുമെല്ലാം പരകോടിയിൽ ആയിരുന്നു. അവർക്ക് തൗറാത്ത് സുരക്ഷിതമായി തിരിച്ചു കൊടുക്കാൻ കൽപ്പിച്ചു. അല്ലാതെ ഇന്ന് മുസ്‌ലിം വിരോധത്തിൽ ഖുർആൻ കത്തിച്ചു കളയുന്ന പോലെയല്ല.

ഖൈബറിൽനിന്ന് തിരിച്ചു വരുമ്പോൾ വാദിയുൽ ഖുറാ യുദ്ധത്തെ കുറിച്ചുള്ള പരാമർശവും കാണപ്പെടുന്നുണ്ട്. തിരുനബി(സ) ഖൈബർ വിജയത്തിന്ശേഷം ഏതാനും ദിവസം അവിടെ തന്നെ തങ്ങുകയുണ്ടായി. പിന്നെ ഇസ്‌ലാമിക സൈന്യത്തോടൊപ്പം തിരിച്ച് പുറപ്പെട്ടു. അപ്പോൾ വാദിയിൽ ഖുറായിൽ വെച്ച് യഹൂദികളുമായി യുദ്ധം ചെയ്യേണ്ടി വന്നു. അബൂഹുറൈറ നിവേദനം ചെയ്യുന്നു: വാദിയുൽ ഖുറായിൽ എത്തിയ തിരുനബി(സ) യോടൊപ്പം മദ്ഹം എന്നു പേരുള്ള ഒരു അടിമയും ഉണ്ടായിരുന്നു. അദ്ദേഹം തിരുനബി(സ) യുടെ കൂടാരം അഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഒരു അമ്പ് വന്ന് ദേഹത്ത് തറയ്ക്കുകയും അദ്ദേഹം മരണപ്പെടുകയും ചെയ്തു. ജനങ്ങൾ പറഞ്ഞു: അദ്ദേഹത്തിന്റെ ഈ ശഹാദത്ത് അനുഗ്രഹീതമാകട്ടെ! നബി(സ) പറഞ്ഞു: അല്ല, ആരുടെ കയ്യിൽ ആണോ എന്റെ ജീവാണുള്ളത് അവനാണെ സത്യം, ഖൈബറിൽ അദ്ദേഹത്തിന് വിതരണം ചെയ്യപ്പെടേണ്ടിയിരുന്ന പുതപ്പ് ആരുടെ പക്കലാണോ അവന്മേൽ തീ ആളുന്നുണ്ട്. ഏതായിരുന്നാലും തിരുനബി(സ)യിൽനിന്നും ഈ കാര്യങ്ങൾ കേട്ടപ്പോൾ ആ വ്യക്തി ഇത് ഭയാനകമായ കാര്യമാണെന്നും നരകത്തിലേക്ക് കൊണ്ടുപോകും എന്നും മനസ്സിലാക്കി. അങ്ങനെ അയാൾ ചെരുപ്പിന്റെ ഒന്നോ രണ്ടോ വാറുമായി എത്തി. എന്നിട്ട് പറഞ്ഞു: ഇതും ഞാൻ എടുത്തതായിരുന്നു. അപ്പോൾ തിരുനബി(സ) പറഞ്ഞു: ഒരു വള്ളി ആയാലും രണ്ടു വള്ളിയായാലും അത് നരകത്തിലേക്ക് കൊണ്ടുപോകുന്നതിന് കാരണമാകുന്നതാണ്.

തിരുനബി(സ) നാല് ദിവസത്തോളം വാദിയുൽ ഖുറായിൽ തങ്ങി. പിന്നെ മദീനയിലേക്ക് തിരിച്ചുവന്നു. ഇതിന്റെ കൂടുതൽ വിശദീകരണങ്ങൾ ഇൻശാ അല്ലാഹ് പിന്നീട് പറയുന്നതാണ്.

ഈ സമയത്ത് ഞാൻ ചില മർഹൂമീങ്ങളെ അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. പിന്നെ ഇൻശാ അല്ലാഹ് നമസ്കാരത്തിനുശേഷം അവരുടെ ജനാസ ഗാഇബും അനുഷ്ഠിക്കുന്നതാണ്. ഏറ്റവും ആദ്യത്തെ അനുസ്മരണം ഖാദിയാനിലെ സദ്ർ അഞ്ചുമൻ അഹ്മദിയ്യാ സദ്ർ മൗലാനാ മുഹമ്മദ് കരീമുദ്ദീൻ സാഹിബ് ശാഹിദിനെ കുറിച്ചാണ്. കഴിഞ്ഞ റമദാനിലെ ദിവസങ്ങളിൽ അദ്ദേഹം 87 ാമത്തെ വയസ്സിൽ വഫാത്താവുകയുണ്ടായി إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ അദ്ദേഹം മൂസി ആയിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ബൈഅത്ത് ചെയ്തു ജമാഅത്തിൽ പ്രവേശിച്ചതാണ്. ചിന്തകുണ്ടയിലെ സേട്ട് മുഹമ്മദ് മുഈനുദ്ദീൻ സാഹിബ് വിദ്യാഭ്യാസ ആവശ്യാർത്ഥം കരിമുദ്ദീൻ സാഹിബിനെ ഖാദിയാനിലേക്ക് അയച്ചു. 1957 ൽ മദ്രസ അഹ്മദിയ്യ പാസായി; 1960 ൽ പഞ്ചാബ് യൂണിവേഴ്സിറ്റിയിൽനിന്ന് മൗലവി ഫാസിൽ പരീക്ഷ പാസാകുകയും പിന്നീട് റബ്‌വയിൽ പോയി പഠിച്ച് ശാഹിദ് ഡിഗ്രി കരസ്ഥമാക്കുകയും ചെയ്തു. അദ്ദേഹം ഇന്ത്യയിൽനിന്ന് ശാഹിദ് ഡിഗ്രി നേടുന്ന ആദ്യത്തെ മുറബ്ബിയായിരുന്നു. ഖാദിയാനിൽ വിവിധ നിലയിൽ സേവനത്തിന് അവസരം ലഭിച്ചിട്ടുണ്ട്. ഇതിനിടയിൽ പണ്ഡിതൻ എന്ന നിലയ്ക്ക് സദ്ർ അഞ്ചുമൻ അഹ്മദിയ്യാ മെമ്പർ ആയിരുന്നു. അഡീഷണൽ നാസിം വഖ്ഫെ ജദീദ് ബേറൂൻ, ആയും സദ്ർ ഉമൂമി ആയും രണ്ടു പ്രാവശ്യം ജാമിയ അഹ്മദിയ പ്രിൻസിപ്പലായും ദാറുൽ ഖദായിൽ സദ്ർ ഖദാ ബോർഡ് ആയും സദ്ർ മജ്‌ലിസ് കാർപർദാസ് ആയും സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചു. 2021 ഞാൻ അദ്ദേഹത്തെ അഞ്ചുമൻ അഹ്മദിയ്യാ സദ്ർ ആയി നിയമിച്ചു. വഫാത്ത്‌വരെയും ഈ പദവിയിൽ തുടർന്നു.

നാസിർ അഅ്‌ലാ ഖാദിയാൻ ഇനാം ഗോറി സാഹിബ് പറയുന്നു: മർഹൂം വളരെ ലളിതമായ പ്രകൃതവും, ഉള്ളതിൽ തൃപ്തിപ്പെട്ട് ജീവിക്കുന്ന വ്യക്തിയും ആയിരുന്നു. (ഹുസൂർ പറയുന്നു:) ഇത് ശരിയാണ്, ഞാനും കണ്ടിട്ടുണ്ട്. ജമാഅത്തിൽനിന്ന് കിട്ടുന്ന വരുമാനത്തിൽ ശുഭ്ര വസ്ത്രധാരിയായി അങ്ങനെ കഴിച്ചുകൂട്ടുകയായിരുന്നു. കടമെടുത്തു ചെലവഴിക്കുന്നതിൽ അദ്ദേഹത്തിന് തീരെ ഇഷ്ടമുണ്ടായിരുന്നില്ല. വളരെ നല്ല കയ്യക്ഷരം ഉള്ള ഉന്നത നിലവാരത്തിലുള്ള എഴുത്തുകാരൻ ആയിരുന്നു. കമ്പോസിംഗ് ഉണ്ടാകുന്നതിന് മുമ്പ് വരെയും ബദർ പത്രവും ജമാഅത്തിന്റെ പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും കയ്യെഴുത്ത് നടത്തുന്നതിന് അദ്ദേഹത്തിന് അവസരം ലഭിച്ചിട്ടുണ്ട്. നല്ല പ്രാസംഗികനും പ്രബന്ധകാരനും ആയിരുന്നു. ഖാദിയാൻ ജൽസയിലും മറ്റ് ജമാഅത്തി തർബിയ്യത്തി പരിപാടികളിലും പ്രസംഗിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. ഖാദിയാനിൽനിന്ന് എം.ടി.എ. ലൈവ് പ്രക്ഷേപണം ചെയ്യുന്ന റാഹേ ഹുദാ പരിപാടിയിൽ നീണ്ട കാലമായി ചോദ്യങ്ങൾക്ക് മറുപടി കൊടുക്കാനും അവസരം ലഭിച്ചിട്ടുണ്ട്. വൃക്കകൾ തകരാറിലായിരുന്നു, ക്ഷീണവും ഉണ്ടായിരുന്നു എന്നിട്ടും വളരെ കരുത്തോടെകൂടി തന്റെ ഉത്തരവാദിത്തങ്ങൾ നിറവേറ്റി കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ മാതൃക തീർച്ചയായും അനുകരണീയമാണ്.

കഴിഞ്ഞ 2024 ലെ ഖാദിയാൻ ജൽസയിൽ വളരെയേറെ ശാരീരിക ക്ഷീണം ഉണ്ടായിരുന്നിട്ടും കരുത്തോടുകൂടി ഉദ്ഘാടനത്തിൽ അധ്യക്ഷത വഹിച്ചു. അതുപോലെ കഴിഞ്ഞ ശൂറയിലും അദ്ദേഹം അധ്യക്ഷത വഹിക്കുകയുണ്ടായി. അദ്ദേഹത്തിന് അല്ലാഹു നീണ്ട 62 വർഷം ജമാഅത്തി സേവനത്തിന് അവസരം നൽകിക്കൊണ്ടിരുന്നു. ജീവിതത്തിന്റെ അവസാന ദിവസങ്ങളിൽ വീട്ടുകാരോട് അദ്ദേഹം പറഞ്ഞു: ഞാൻ ജനിച്ചത് റമദാൻ മാസത്തിലാണ്; നോക്കുക എന്റെ മരണവും റമദാനിൽ തന്നെ ആയിരിക്കും. അങ്ങനെ പരിശുദ്ധ റമദാൻ 27 ന് അദ്ദേഹം വഫാത്തായി. വളരെയേറെ അധ്വാനിയും താഴ്മയും ഉള്ള മനുഷ്യനായിരുന്നു. തന്റെ ജോലികൾ സ്വയം നിർവഹിക്കാൻ എപ്പോഴും ശ്രമിച്ചിരുന്നു. ആർക്കുമേലും അദ്ദേഹം ഭാരമാകാൻ ഇഷ്ടപ്പെട്ടില്ല. വ്യക്തിപരമായ കാര്യങ്ങളും സ്വന്തമായി തന്നെ നിർവഹിച്ചു. കർമ്മ യോഗിയായ പണ്ഡിതനായിരുന്നു. വഖ്ഫ് സംബന്ധിച്ച് ചെയ്ത ശപഥം അദ്ദേഹം യഥാവിധി നിറവേറ്റുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ ആദ്യ വിവാഹം ഇഖ്ബാൽ ബേഗം സാഹിബയുമായിട്ടായിരുന്നു. 2 ആൺമക്കളും രണ്ട് പെൺമക്കളും ഉണ്ട്. അവർ മരണപ്പെട്ടപ്പോൾ രണ്ടാമത് വിവാഹം കഴിച്ചു. അദ്ദേഹത്തിന്റെ മക്കൾക്കും ജാമാതാക്കൾക്കും മറ്റും ജമാഅത്തീ സേവനത്തിനു സൗഭാഗ്യം കിട്ടിക്കൊണ്ടിരിക്കുന്നു. അല്ലാഹു അദ്ദേഹത്തിന്റെ തലമുറയിലും അദ്ദേഹത്തിന്റെ ദീനി സേവനത്തിനുള്ള ത്വര നിലനിർത്തുമാറാകട്ടെ.

ശേഷം ഹുസൂർ തിരുമനസ്സ് കാനഡാ ഖദാ ബോർഡ് സദ്ർ അബ്ദുൽ റശീദ് സാഹിബിനെയും ഹൈദരാബാദ് സിൻദിലെ ജില്ലാ അമീർ മിർസാ ഇംതിയാസ് അഹ്മദ് സാഹിബിനേയും അൾജീരിയയിലെ അൽഹാജ് മുഹമ്മദ് അൽഅറബി സാഹിബിനേയും ഹൈദരാബാദ് ജില്ലയിലെ കോട്രി മുഹമ്മദ് അശ്റഫ് സാഹിബിനേയും അനുസ്മരിക്കുകയുണ്ടായി.

അല്ലാഹു (ഈ എല്ലാ മർഹൂമീങ്ങളോടും) പൊറുമയോടെയും കരുണയോടെയും വർത്തിക്കുമാറാകട്ടെ. അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِي الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

* * * * * * *

* * **

**

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 04.04.2025
Malayalam Translation: **Moulavi H. Shamsuddin Kavassery**
Typing & Layout: **Moulavi T. Jamshad Mukkam,** For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516